**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 493

07.01.2014-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡ് വിറ്റുവരവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | 2007 മുതൽ 2010 വരെ കൺസ്യൂമർഫെഡ് ഉൽസവ സീസണുകളിൽ നടത്തിയ ചന്തകളിലെ വിറ്റുവരവ് ഓരോ വർഷവും തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2007 മുതൽ 2010 വരെ കൺസ്യൂമർ ഫെഡ് ഉത്സവസീസണുകളിൽ നടത്തിയ ചന്തകളിലെ വിറ്റുവരവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | വിറ്റുവരവ് (തുക ലക്ഷത്തിൽ |
|---|---|
| 2007 | 10321 |
| 2008 | 13168 |
| 2009 | 22207 |
| 2010 | 24963.41 |

| | | | |
|---|---|---|---|
| (ബി) | ഇതിലൂടെ സ്ഥാപനത്തിന് ഈ കാലയളവിൽ എന്ത് ലാഭം ലഭിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | വാങ്ങൽ വിലയോടൊപ്പം സർക്കാർ അംഗീകരിച്ച നിരക്കിലുള്ള വ്യാപാര ചെലവുകൾ മാത്രം കൂട്ടിയാണ് ഉത്സവകാല വിപണന കേന്ദ്രങ്ങളിലൂടെ വിൽപന നടത്തിയത്. ഈ വിപണനത്തിൽ ഫെഡറേഷന് ലാഭം ഒന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | 2013 ലെ ഉൽസവ സീസണിൽ കൺസ്യൂമർഫെഡ് എത്ര ചന്തകൾ നടത്തി എന്നും അവയിലൂടെ ലഭിച്ച വരുമാനം എത്രയായിരുന്നു എന്നും വ്യക്തമാക്കുമോ; | (സി) | 2013 ലെ ഉത്സവ സീസണിൽ കൺസ്യൂമർ ഫെഡ് നടത്തിയ ചന്തകളുടെയും അവയിലൂടെ ലഭിച്ച വരുമാനത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | ഔട്ട്ലെറ്റുകളുടെ എണ്ണം | വിൽപ്പന (ലക്ഷം) |
|---|---|---|
| ആകെ | 12187 | 13571.45 |

| | | | |
|---|---|---|---|
| (ഡി) | ക്രിസ്തുമസ് കാലത്ത് എത്ര ചന്തകൾ നടത്തി എന്നും അവ എവിടെയൊക്കെയായിരുന്നു എന്നും വ്യക്തമാക്കുമോ; | (ഡി) | ക്രിസ്തുമസ് കാലത്ത് ആകെ 1786 ചന്തകൾ നടത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | വിപണികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 249 |
| 2 | കൊല്ലം | 348 |
| 3 | ആലപ്പുഴ | 179 |
| 4 | പത്തനംതിട്ട | 95 |
| 5 | കോട്ടയം | 79 |
| 6 | ഇടുക്കി | 51 |
| 7 | എറണാകുളം | 146 |
| 8 | തൃശ്ശൂർ | 172 |
| 9 | പാലക്കാട് | 119 |
| 10 | മലപ്പുറം | 132 |
| 11 | കോഴിക്കോട് | 91 |
| 12 | വയനാട് | 33 |
| 13 | കണ്ണൂർ | 62 |
| 14 | കാസർഗോഡ് | 30 |
| | ആകെ | 1786 |

| | | | |
|---|---|---|---|
| (ഇ) | കൺസ്യൂമർഫെഡിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തായിരുന്നു പരാതി എന്നും അവ സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തൊക്കെ എന്നും വ്യക്തമാക്കുമോ? | (ഇ) | കൺസ്യൂമർ ഫെഡിൽ ക്രമക്കേടുകൾ നടന്നതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ